I/229748/2022

**കേരള എക്സൈസ് വകുപ്പ്**
**"ഭരണഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി : 28-05-2022
ഇ-മെയിൽ :ecoffice.exc@kerala.gov.in
ഫോൺ: 0471-2322825

**<u>താൽപ്പര്യപത്രം</u>**

വിമുക്തി മിഷൻ വൈവിദ്ധ്യമാർന്ന പരിപാടികളിലൂടെ ലഹരിക്കെതിരെയുള്ള പ്രചരണം നടത്തി വരുന്നുണ്ട്. ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ സംബന്ധിച്ചും അത് എപ്രകാരം ഒരാളുടെ ആരോഗ്യത്തെയും, ഭാവിയെയും ബാധിക്കുമെന്നും, എന്തൊക്കെ നിയമ പ്രശ്നങ്ങളാണ് ലഹരി ഉപയോഗം കാരണം ഉണ്ടാകുന്നതെന്നും പൊതുജനങ്ങളെയും വിശിഷ്യാ വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധ്യപ്പെടുത്തുന്നതിനായി പോസ്റ്ററുകളും വീഡിയോകളും തയ്യാറാക്കി ഫെയ്സ് ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്ട്സ് ആപ്പ് പോലുള്ള സാമൂഹിക മാധ്യമങ്ങൾ മുഖേന കൂടുതൽ പേരിലേക്ക് എത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഇതിലേക്കായി സംസ്ഥാനത്തെ ഫെയ്സ് ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്ട്സ് ആപ്പ് അക്കൗണ്ടുകളിലേക്ക് (Verified Account) സന്ദേശങ്ങൾ അയക്കുന്നതിന് അനുയോജ്യമായ ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. താൽപര്യപത്രം സമർപ്പിക്കുമ്പോൾ ഒരു മെസ്സേജ് അയക്കുന്നതിന് വിവിധ ഇനങ്ങളിലായി ( API Message ചെലവ്, Service Charge എന്നിവ ) വരുന്ന ചെലവും ആകെ ചെലവും ഉൾപ്പെടുത്തേണ്ടതാണ്. ആദ്യ ക്യാമ്പയിൻ, വർക്ക് ഓർഡർ തീയതി മുതൽ 30 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതും, ക്യമ്പയിന്റെ തുടർച്ച ആവശ്യമെങ്കിൽ ആദ്യത്തെ റേറ്റിന് തന്നെ വർക്ക് തുടരേണ്ടതുമാണ്. കൂടാതെ ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾ കൂടി പാലിക്കേണ്ടതാണ്.

i. Reply message facility is not required now.
ii. Authentic proof of completion of work from the service provider (Meta) is mandatory.
ii. List of social media users (target) with phone number has to be furnished after completing the campaign.

താൽപര്യപത്രം സമർപ്പിക്കേണ്ടഅവസാന തീയതിയും, സമയവും - 2022 ജൂൺ 10 ന് 5 പി.എം

താൽപര്യപത്രം തുറക്കുന്ന അവസാന തീയതിയും, സമയവും - 2022 ജൂൺ 14 ന് 3 പി.എം

**കൂടുതൽ വിവരങ്ങൾക്ക് മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ഫോൺ നമ്പറിലോ ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.**

Signed by Rajeev D.
Date: 28-05-2022 15:49:43

**RAJEEV D.**
**ADDITIONAL EXCISE COMMISSIONER**
എക്സൈസ് കമ്മീഷണർക്കുവേണ്ടി.